# ദ്യുതി



## വി എസ് എസ് എച്ച് എസ്
## കൊയ്പ്പള്ളികാരാണ്മ
## e-magazine 2019-20

# ആമുഖം

പ്രിയരെ,

വി എസ്എസ് എച്ച് എസ്സിലെ

ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി കൂട്ടായ്മയുടെ

2019-20 വർഷത്തെ ഡിജിമാഗസിൻ

വായനക്കാരിലേക്കെത്തുകയാണ്.

നമ്മുടെ സർഗ്ഗാത്മകതയുടെ തുടിപ്പുകൾ

ഇതിൽ വായിക്കാം .

നാം നടത്തിയ പരിപാടികളുടെ ചിത്രങ്ങളും

ഉൾച്ചേർത്തിട്ടുണ്ട് .

നല്ലൊരു വായനാനുഭവമാകും നിങ്ങൾക്കിത്.

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : **വിഷ്ണു ആർ**

സബ് എഡിറ്റർ : **സൂര്യ എസ്**

## ബോർഡ് അംഗങ്ങൾ:

ആരതി

സാന്ദ്ര

നയന

നന്ദന

അശ്വിൻ റെജി

ജ്യോതി കൃഷ്ണ

ലക്ഷ്മി പ്രിയ

# Table of Contents

ആമുഖം....2
എഡിറ്റോറിയൽ ബോർഡ്....3
പ്രവർത്തനങ്ങൾ....6
Regular classes....9
LK ID card distribution....10
Video conferencing....10
One day school level camp....11
Mother PTA....12
വിജ്ഞാന സന്ദായിനി....13
ഉപ്പുസത്യാഗ്രഹം....14
ബാഷ്പാഞ്ജലി....17
എന്റെ അമ്മ....20
അഹങ്കാരിയായ കരങ്ങൻ....21
പുലരിയുടെ പുഞ്ചിരി....22
My Teacher....23
The Frog Prince....24
FLOWERS SHOULD BLOOM NATURALLY....26
FRIENDSHIP....28
GLOBAL WARMING....29
MOTHER....31
OLYMPIC GAME....32
വരകൾ....37
നന്ദി....40

# <u>പ്രവർത്തനങ്ങൾ</u>

## <u>Regular classes</u>






# LK ID card distribution



# Video conferencing



# One day school level camp





# Mother PTA





# അഭിനന്ദനങ്ങൾ



**Abhjith B (10B)**

**LK State camp participant**

# വിജ്ഞാന സന്ദായിനി

വിജ്ഞാന സന്ദായിനീ വിദ്യാദേവതേ
വിജ്ഞാനമാർഗ്ഗമരുളേകുന്ന മാതാവേ,
ആദി വിദ്യാകേന്ദ്രമായി നിലകൊള്ളുമീ
മുത്തശ്ശിയമ്മയ്ക്കുണ്ടെന്റെ പ്രണാമങ്ങൾ
അജ്ഞാനമാമന്ധകാരത്തെ നീക്കുവാ-
നെത്തുന്നവർക്കൊക്കെ  ഏകുന്നു ദീപവും
എത്രയോ മാനവ ജന്മങ്ങൾ നിൻമുന്നി-
ലെത്തി അറിവിൻ പ്രകാശം നിറയ്ക്കുവാൻ.
നിൻ തിരുമുറ്റത്തങ്ങോടിക്കളിച്ചവർ
നിന്നിലെ തേനാമമൃതം നുകർന്നവർ
വിജയസോപാനങ്ങളേറിയിട്ടങ്ങനെ
വാഴുന്നു മാനവ മാതൃകാരത്നമായ് .
വിജ്ഞാനഭിക്ഷുവായെത്തുന്നവർക്കെല്ലാം
വിദ്യയാം വിത്തമരുളേകിയെന്നാകിലും
ഒട്ടും കുറയാതിരിക്കുന്നു നിൻ ഖനി
തേടിയെത്തുന്നവർക്ക് ആശ്വാസമേകുവാൻ.
തെല്ലിട നിന്നുടെദാസിയായി തീരുവാ-
നൊത്തതുമെന്നുടെ പൂർവ്വ പുണ്യോദയം
പൂർവ്വ പിതാമഹർക്കൊപ്പം കുലദൈവ-
സാന്നിധ്യമോടിങ്ങ്  വാഴുക ഭൂവിതിൽ.
കല്പാന്തകാലം നിലനിൽക്കെ ലോകത്ത-
ങ്ങുറ്റവരാം ചിരംജ്ജീവികൾക്കൊപ്പമായ്.

ജയലക്ഷ്മി

UPST

# ഉപ്പുസത്യാഗ്രഹം



ബ്രിട്ടീഷ് ഇന്ത്യയിൽ ഉപ്പ്നിർമ്മാണത്തിന് നികുതി ചുമത്തിയതിൽ പ്രതിഷേധിച്ച് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയ 1930 മാർച്ച് 12-ന് ആരംഭിച്ച അക്രമ രഹിത സത്യാഗ്രഹമാണ്**ഉപ്പ് സത്യാഗ്രഹം** എന്നറിയപ്പെടുന്നത്. മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ ദണ്ഡിയിലേക്ക് നടത്തിയ യാത്രയോടെയാണ് ഇതാരംഭിച്ചത്.ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ പൂർണ്ണ സ്വരാജ് പ്രഖ്യാപിച്ചതിനു ശേഷം നടന്ന ആദ്യ പ്രഖ്യാപിത സമരമായിരുന്ന ഇത് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഗുജറാത്തിലെ, സബർമതിയിലെ ഗാന്ധിയുടെ ആശ്രമം

മുതൽ ദണ്ഡി വരെ നികുതി നൽകാതെ ഉപ്പ് ഉല്പാദിപ്പിക്കുന്നതിനായി ദണ്ഡി യാത്ര നടന്നു. ഉപ്പിനു മേലുള്ള നികുതി നിയമം ഗാന്ധിയും കൂട്ടരും ലംഘിച്ചതിനെ തുടർന്ന് നിയമ ലംഘനത്തിന്റെ പേരിൽ ലക്ഷകണക്കിനു ഇന്ത്യക്കാർക്ക് ബ്രിട്ടീഷ് ഗവൺമെന്റ് കേസു ചുമത്തി ഇന്ത്യയുടെസ്വാതന്ത്ര്യത്തിനെക്കുറിച്ച് ബ്രിട്ടന്റെ നിലപാടുകൾക്ക് ഏറെ മാറ്റം വരുത്താൻ സഹായിച്ചിരുന്ന ഈ ഉപ്പ് സത്യാഗ്രഹം. ഉപ്പ് സത്യാഗ്രഹത്തിന്റെ ജനപ്രീതി, ധാരാളം സാധാരണക്കാരായ ജനങ്ങളെ ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലേക്ക് ആകർഷിച്ചു.

ഉപ്പ് സത്യാഗ്രഹസമരം ആരംഭിച്ച് ഏറെ കഴിയുന്നതിനു മുമ്പ് തന്നെ ഗാന്ധിയെ ബ്രിട്ടൻ അറസ്റ്റ് ചെയ്തു. എന്നാൽ ഇത് സമരം വ്യാപിപ്പിക്കാനേ ഉപകരിച്ചുള്ളു. ഉപ്പുസത്യാഗ്രഹസമരം ഏതാണ്ട് ഒരു വർഷത്തോളം നീണ്ടു നിന്നു. രണ്ടാം വട്ടമേശ സമ്മേളന ഉടമ്പടി പ്രകാരം ഗാന്ധിയെ ജയിലിൽ നിന്നും വിട്ടയക്കുന്നതു വരെ ഉപ്പ് സത്യാഗ്രഹ സമരം തുടർന്നു. ഉപ്പ് സത്യാഗ്രഹവുമായി ബന്ധപ്പെട്ട ഏതാണ്ട് 80,000 ഓളം ആളുകൾ ജയിലിലായി എന്നു കണക്കാക്കപ്പെടുന്നു.

ബ്രിട്ടനെതിരേയുള്ള ഇന്ത്യയുടെ സ്വതന്ത്ര്യസമരത്തിൽ ഗാന്ധിയുടെ പ്രധാന ആയുധമായിരുന്ന സത്യാഗ്രഹം. ഉപ്പിനും നികുതി ചുമത്തിയപ്പോൾ, ഗാന്ധിജിയാണ് ഉപ്പു സത്യാഗ്രഹം എന്ന സമരമാർഗ്ഗം കണ്ടെത്തുന്നത്. 1930 കളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സമരത്തിന്റെ രീതിയെ ഉടച്ചുവാർക്കാൻ ഗാന്ധിയെചുമതലപ്പെടുത്തുകയുണ്ടായി.ഇതിന്റെ ഭാഗമായാണ് ഗാന്ധി 1882 ലെ ബ്രിട്ടീഷ് സാൾട്ട് ആക്ടിനെ മുഖ്യ ലക്ഷ്യമാക്കി ഉപ്പു സത്യാഗ്രഹം എന്ന പുതിയ സമരം അവതരിപ്പിക്കുന്നത്.

**വിഷ്ണു.ആർ**

**9A**

# ബാഷ്പാഞ്ജലി

അറിവിന്റെ അക്ഷയ-
ദീപമയെത്രയോ
തലമുറകൾക്കു വെളിച്ചമേകി
വയലാ ഗവണ്മെന്റ് -
ഹൈസ്കൂളിൽ മലയാള
നിറദീപമായി നീ തെളിഞ്ഞ കാലം .
പത്താം തരത്തിൽ നിൻ
പത്തരമാറ്റേറുമധ്യാപനത്തിൻ
മഹത്വമറിഞ്ഞു ഞാൻ .

'ഭാരത പര്യടന'ത്തിൻ പ്രഭാവവും
'കേരളശാകുന്തള'ത്തിൻ ഗരിമയും
കേരളവ്യാസനും ആശാനും ഏആറും
ആ മുക്തകങ്ങൾ തൻ മുഗ്ദ്ധതയും
ആ ഘനഗാഭീര്യശബ്ദത്തിലെത്തവേ,
പാത്രമറിഞ്ഞുള്ള വിദ്യാർപ്പണത്തിനു
പാത്രമായി തീരാൻ കഴിഞ്ഞതാണെൻഭാഗ്യം.
ഇഷ്ട സുഹൃത്തിൻ മകളെന്ന ഭാഗ്യവു-
മൊത്തുചേർന്നു ചേർന്നുണ്ടായൊരാത്മബന്ധം .

സ്നേഹവുംവാത്സല്യവും
ധൂർത്തടിക്കാതെ
വേണ്ടുന്നളവിൽ മരുന്നു പോലെ
ഗൗരവം ചോരാത്ത വാക്കായി, നോട്ടമായി

ഉള്ളറിഞ്ഞൂറും പകുതി സ്മിതം ആയി
തന്നതെല്ലാം മണിമുത്തുപോലെയുള്ളിന്റെ-
യുള്ളിലൊളിമങ്ങീടാതെ കിടപ്പുണ്ട്.

ഓംകാരമുള്ളിലൊളിപ്പിച്ച
ശംഖുപോൽ
ഞാനതു ഭദ്രമായി
കാത്തുസൂക്ഷിക്കുന്നു.
എൻറെ മംഗല്യ ദിനത്തിലും
കണ്ടു ഞാൻ
നിൻറെ സ്നേഹത്തിൻ
കരുതലും കാതലും.

സൂര്യനങ്ങേറെയകലെയാണെങ്കിലും
സൂര്യപ്രകാശമെന്നൊപ്പമുണ്ട്
ഖദറിന്റെ ഖ്യാതിയോടെ
നീ ഇടയ്ക്ക് വ-
ന്നണയുമാറുണ്ടെന്റെ ക്ലാസ് മുറിയിൽ.
അതിലൂടെ എൻ ശിഷ്യരും
നിൻ ശിഷ്യരായി
തലമുറക്കൂടമാറ്റമാസ്വദിപ്പൂ
അറിവിലൂടമരത്വ-
മേറുന്നവർക്കില്ല
മരണ,മെങ്കിൽ നീ അനശ്വരൻ താൻ.

എങ്കിലും നിൻറെ
വേർപാടിൽ വിങ്ങും
ഹൃദയങ്ങളിൽ കത്തുന്ന തീ അണയ്ക്കാൻ

കാലത്തിനോടപേക്ഷിക്കുവാനല്ലാതെ
കാലത്തെ വെല്ലുവാനാർക്കുപറ്റും.

അധ്യാപനത്തിനുംഅച്ചടക്കത്തിനു
മിത്രമേൽ ഉന്നത ഭാവം പകർന്നൊരെൻ
ദാമോദരൻ പിള്ള സാറിൻറെ ആത്മാവി-
നെകുന്നൊരായിരം ബാഷ്പാഞ്ജലി

**ശ്രീകല എസ്**

**HST**

(തന്റെ മലയാളം അധ്യാപകനായ ശ്രീ ദാമോദരൻ പിള്ള സാറിന്റെ ഓർമ്മയ്ക്കായി രചിച്ചത് )

# എന്റെ അമ്മ

എന്നെ ജീവിതത്തിൽ ഏറ്റവും സ്വാധീനിച്ചത് എന്റെ അമ്മയാണ്. ഒരു അമ്മയ്ക്ക് മാത്രമേ ഒരുകുട്ടിയെ മനസ്സിലാക്കാൻ കഴിയുകയുള്ളു. ഒരു കുട്ടിയുടെ മനസ്സ് വായിക്കാൻ കഴിയുന്നത് അവന്റെ അമ്മയ്ക്ക് മാത്രമാണ്.അമ്മയുടെ സ്നേഹവും വാത്സല്യവുമാണ് ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത്. അമ്മ നമ്മുടെ കാണപ്പെട്ട ദൈവമാണ്. അതുകൊണ്ട് തന്നെ അമ്മയിൽ നിന്നും ഒന്നും മറയ്ക്കാൻ നമുക്ക് കഴിയില്ല. അമ്മയുടെ സ്നേഹം ഒരിക്കലും മറ്റൊരാളിൽ നിന്നും ലഭിക്കുകയില്ല . അമ്മയുടെ ഉപദേശങ്ങൾ നാം ഒരിക്കലും നിഷേധിക്കരുത്. 'പത്തു സൂര്യനേക്കാളേറെയും ഗുണം മാതാവിന് '.

ANJALI.S

9.B

# അഹങ്കാരിയായ കുരങ്ങൻ

ഒരിടത്തു ഒരു കാട്ടിൽ മൂന്ന് കുരങ്ങന്മാർ താമസിച്ചിരുന്നു .ഒരു ദിവസം അവർ ഒരു മരത്തിൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരു അഹങ്കാരിയായ കുരങ്ങൻ അത് വഴി വന്നു. അവർ മൂന്ന് പേരും കൂടി ആ കുരങ്ങന്റെ അടുത്ത് ചെന്നു തങ്ങളോടൊപ്പം കളിയ്ക്കാൻ കൂടുന്നോ എന്ന് അവനോട് ചോദിച്ചു. എന്നാൽ അവൻ ആ മൂന്നുപേരെയും ഓടിച്ചുവിട്ടു.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞുപോയി. അഹങ്കാരിയായ കുരങ്ങൻ കാട്ടിലൂടെ നടക്കുകയായിരുന്നു. നിറയെ മുള്ളുകൾ ഉള്ള ഒരു കുഴിയിലേക്ക് അവൻ വീണു. "രക്ഷിക്കണേ രക്ഷിക്കണേ" എന്ന് അവൻ ഉറക്കെ കരഞ്ഞു .അതുകേട്ടു വന്ന മൂന്ന് കുരങ്ങന്മാർ വേഗം അവിടേക്കു ചെന്നു ."എന്നെ രക്ഷിക്കു സുഹൃത്തുക്കളെ" എന്ന് അവൻ അപേക്ഷിച്ചു . അവർ ആ കുരങ്ങനെ രക്ഷിച്ചു .ആ അഹങ്കാരിയായ കുരങ്ങൻ അവരോട് മാപ്പു പറഞ്ഞു.പിന്നെ അവർ നാല് പേരും സന്തോഷത്തോടെ ആ കാട്ടിൽ കഴിഞ്ഞു .

**ആദിത്യ എ**

**V A**

# പുലരിയുടെ പുഞ്ചിരി

വേനൽ മഴപോലെ മധുരമുള്ള യുഗങ്ങൾ
തേൻ പോലെ മധുരമുള്ള ബാല്യം
ചാറ്റൽ മഴയുടെ തണുപ്പേകുന്ന രാവുകൾ
മഞ്ഞുവീഴ്ചകളുള്ള പ്രഭാതങ്ങൾ
എത്ര മനോഹരമായിരുന്നാ ബാല്യം
മാനത്തെ മഴവില്ലുപോലെ
പ്രഭചൊരിയുന്ന കുട്ടിക്കാലം
വെള്ളരിപ്രാവുകൾ പോലെ
കുറുകി നടന്ന കൗമാരം
മഞ്ഞിൽ പുതപ്പിനുള്ളുൽ
വീണുറങ്ങുന്ന ഒരു കുഞ്ഞു
പനിനീർപുഷ്പം പോലെ
പുലരിയുടെ പുതുവെൺമയിൽ
പുഞ്ചിരിക്കുന്ന പൂന്തോപ്പുപോലെ
മനോഹരമായ ബാല്യത്തിന്റെ ഓർമ്മകൾ
കൗമാരത്തിൽ നിന്നും യൗവ്വനത്തിലേക്ക്
യൗവ്വനത്തിൽ നിന്നും വാർദ്ധക്യത്തിലേക്ക്
മനുഷ്യൻ പരിണമിക്കയാണ്.
മനോഹരമായ പുലരിയുടെ പുഞ്ചിരികൾ
വേനൽചൂടുള്ള നട്ടുച്ചകൾ
കടലിനെ പുണരുന്ന സന്ധ്യകൾ
കൊഴിയുന്ന വർഷങ്ങൾ
കലണ്ടറിൻ താളുകൾ വേഗത്തിൽ മറിയുന്നു.
ഒടുവിൽ ഞാനും വിടപറയുന്നു.

**ABHISHEK.V**
**6A**

# My Teacher...




A lady with a smile on her face
Brought many inquisitive tales,
She dances, sings and does everything
Which made us swing..,
A very innovative trainee.., isn't she??
Always made my classes sheers free..?
She reaches every edge
Horizon of our knowledge...
Her comparison....
Made my heart throb in emotion
I apologise for every mistake...
Which she had bared with lot of ache
I express my gratitude..,
As she helped me reached this attitude
This bond of two years.,
Brought loads and loads of cheers
Wish you accept this miniature!!!

Surya. S
9.A

# The Frog Prince




There lived a king who ruled over a big kingdom. He was a brave king. The king had three daughters. The most beautiful among them was the youngest princess. There was a beautiful garden around the castle. It had a pool with a lovely fountain. There are many trees and flowering plants. The garden filled with songs of birds. The youngest princess loved to play in the garden with her ball. The ball went into the pool. The was so deep. She began to weep. A frog with bulged eyes said "I will take the ball but you want to make a promise that wherever you goes, take me also" the princess agreed. The frog took the ballrince and gave it to the

*princess. She was very happy. At dinner they heard a knokcing sound at the door. It was the frog. She quickly brought him to the room. Soon it was the time to sleep. They made a little bed for the frog. "See you tomorrow" said the princess and kissed him. At once a handsome prince was in the place of the frog. Prince said "I was under a magic spell only a kiss from most beautiful princess could break that" explained the prince. Very soon they are married and lived happily ever after.*

KEERTHANA GOPAL
9A

# FLOWERS SHOULD BLOOM NATURALLY



*Meenu was a very clever child. She started walking and talking, reading and writing letters and words earlier than other children of her age. When she entered school, she knew far more than other children in her class. But then suddenly there was a change in her. She refused to study and would make excuses not to go to school. Her worried parents thought that she was ill. They took her to one doctor after another. Treatment and medicines became an important part of her life. She was no longer smart and active. Instead she became very quiet and was not interested in anything.*

*All parents are proud when their children do well. But Meenu's parents were over ambitious and wanted wanted their daughter to be first in everything. They sent her to so many classes and tuitions that Meenu had no time to play and have fun like after children. So she started dreaming instead of studying. She made excuses not to go for classes and*

*became very lazy. Her frequent visits to the doctor made her think that she was really ill and she became quieter and more with drawn. There are many clever children like Meenu who do not reach their full potential in life because their parents expect too much from them.*

*Remember, that just as a flower should be allowed to bloom by itself a child's talents should also be allowed to develop naturally. Encourage your child but don't push him or thrust your on ambitions on him or her. Then your child will develop to his full potential and become a very successful person.*

*Take time to study, it is the*
*Way to knowledge*
*Take time to work, it is the*
*Piece of success*
*Take time to play, it is the*
*Secret of perpetual Youth.*

SURYA. S

9A

# FRIENDSHIP

*Friendship is a priceless gift*
*That cannot be sought or sold*
*But its value is for greater*
*Than the mountain made of gold.*
*For gold is cold and lifeless*
*It can neither be seen or herd*
*And in the time of trouble*
*It is powerless to cheer*

*It has no ears to listen*
*No heart to understand*
*It cannot bring you comfort*
*Or reach out a helping hand*

*So when you ask God for a gift*
*Be thankful if he sends*
*No diamonds,pearls or riches*
*But the true Friendship alone....*

Nandana.M

9B

# GLOBAL WARMING

*Global Warming is an important problem faced by the current world. The smoke from factories and many other vehicles pollute the atmosphere by increasing the level of carbondioxde in the atmosphere and causes the depletion of oxygen. The coastal areas will be washed out by sea and causes many others natural calamities like flood, earthquake, volcanic eruption, forest fire, tsunami cyclone, water spout etc.......*

*So we must prevent this global warming. We can use solar cars and hydrogen cars instead of ordinary one*



*use and burning of plastic should be avoided. So let us all take the oath:*

# *SAVE EARTH &*
# *SAVE OURSELVES*

*ABHIRAM.V*

*10.A*

# MOTHER

Saw a beautiful smile
When I opended my eyes
She kissed me and smiled at me
I was crying out loud
But she made me stop crying
Day and night she cared me,feed me,
Lots of night, with out sleep
She spent with me.....
At midnight when I cried
She cared me without anger.
Always smiling without rest
She  works for me.
She did not care about her.......
I thank God for this
I promise not to hurt her
Not to make a drop of tear
Fall from her eyes
I love you my mother.

SANDRA.SANTHOSH.V
9B

# OLYMPIC GAME

*In ancient Greece it was a panhellenic festival held every fourth year and made up of contests of sports music and literature. Since 1896 the name has been used for a modified revival of the ancient games, consisting of international athletic contests held at four- year intervals. The original Games included footraces, the discus and javelin throws, the long jump, boxing, wrestling, the pentathlon, and chariot races. After the subjugation of Greece by Rome, the games declined, they were finally abolished about AD 400. They were revived in the late $19^{th}$ century through efforts led in party by pierre, baron de coubertin; the first modern Games were held in 1924.*

*The direction of the modern olympic movement and the regulation of the Games are vested with the international olympic Committee, headquartered at lausanne, Switz. Until the 1970s the games adhered to a strict code of amateurism, but since that time proffessional players have also been allowed to participate. Programmes for the summer games include competition in archey, baseball, basketball, boxing, canoeing, cycling, diving, etc. Events are periodically added and dropped.*

S.JYOTHI KRISHNA

9A

# VALUE OF FRIENDSHIP

*We cannot give a defenition for friendship. But we can say that when we stretch a rubber band we will not get pain but while stretching, if it breaks we will get pain. Same like that is how friendship is once if it is broken, we cannot tie it again. If we are tying also there is a mark of tying so it will not be very smooth as it was.*

*Actually now we don't know the value of friendship. We should not select a boy or girl as our friend without knowing their actuall character and later it will be very painful. A true friend will be always trying you to walk through a right way. All the friends in this world will move or undergo several stage, but we should keep in touch with our friend.*

ASWIN REJI
9 A


# വരകൾ





Prithy.Raj
9.B


Akshara. R. Santhosh
9.B




Joyal.J.Shibi
IX-B



# നന്ദി

# ലിറ്റിൽ കൈറ്റ്സ് ക്ലബ്

# വി എസ് എസ് എച്ച് എസ്